**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** **30-08-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മലപ്പുറം മഞ്ചേരി റോഡ്, കച്ചേരിപ്പടി, മഞ്ചേരി ഒലിപ്പുഴ റോഡ്, നാട്ടുകാണി പരപ്പനങ്ങാടി റോഡ്, മുള്ളിയാക്കുറിശ്ശി പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ, പാണ്ടിക്കാട് വണ്ടൂർ വടപുരം റോഡിൽ ഒറവംപുറം പാലം മുതൽ മരാട്ടപ്പടി പാലം വരെ; ചെരണി പന്നിപ്പാറ റോഡ്, മഞ്ചേരി ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ, പയ്യനാട് അങ്ങാടി, മാലാങ്കുളം_ ചെറാങ്കുത്ത്_ ചെറുകുളംറോഡ്, മഞ്ചേരി സെക്കന്റ് ബൈപ്പാസ് എന്നിവ പൂർണ്ണമായും തകർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ; | (എ) | സെൻട്രൽ ജംഗ്ഷൻ മഞ്ചേരി, കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പ്രവൃത്തിയായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഉണ്ടായിരുന്നു. ഇപ്പോൾ ബിറ്റുമിൻ മെക്കാഡം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മഞ്ചേരി - മലപ്പുറം റോഡിൽ കച്ചേരിപ്പടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കേജ് മൂലം റോഡ് തകർന്നിരുന്നു. ആയത് വാട്ടർ അതോറിറ്റി താൽക്കാലികമായി ജി.എസ്.ബി., കോൺക്രീറ്റ് എന്നിവ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മഴ മാറുന്ന മുറക്ക് പാച്ച് വർക്ക് പൂർത്തീകരിക്കുവാൻ സാധിക്കും.<br><br>നാട്ടുകാണി പരപ്പനങ്ങാടി റോഡ് ഡിഎഫ്ഐപി പദ്ധതി ആരംഭിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി നിലവിലുണ്ടായിരുന്ന ഭാഗങ്ങൾ ഒഴിവാക്കിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. പ്രസ്തുത ഭാഗങ്ങൾ ഉൾപ്പെടുത്തി 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചത് സർക്കാർ പരിഗണനയിലാണ്.<br><br>ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം- ചെറുകുന്ന്, മുള്ളിയാംകുറിശ്ശി പാണ്ടിക്കാട് റോഡ് (പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ) തുടങ്ങിയ റോഡുകൾ സാമ്പത്തിക ലഭ്യതക്കനുസരിച്ച് നവീകരണം സാധ്യമാക്കാം.<br><br>മഞ്ചേരി-ഒലിപ്പുഴ റോഡ് നവീകരണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.ആർഎഫ്.ബി-പിഎംയു വിനാണ് ചുമതല. അറ്റകുറ്റകൾക്കായി നേരത്തെ 5 ലക്ഷം രൂപ കെ.ആർഎഫ്.ബി-പിഎംയു അനുവദിച്ചിരുന്നു. എന്നാൽ പാച്ചവർക്കിന്റെ ഡി.എൽ.പി 09/07/2022 |

| | | | |
|---|---|---|---|
| | | | വരെ നിലനിർക്കുന്നതിനാൽ ആ വർക്ക് നടത്തിയിരുന്നില്ല. കനത്തമഴക്ക് ശേഷം റോഡിലെ നിലവിലെ അവസ്ഥ കൂടി പരിഗണിച്ച് 23 ലക്ഷം രൂപ അറ്റകുറ്റപണിക്ക് വീണ്ടും അനുവദിച്ചിട്ടുണ്ട്. ടെണ്ടർ പൂർത്തിയാക്കി അറ്റകുറ്റപ്പണി ഉടൻ ആരംഭിക്കും |
| (ബി) | പ്രസ്തുത റോഡുകളിൽ അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | സെൻട്രൽ ജംഗ്ഷൻ മഞ്ചേരി, കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പ്രവൃത്തിയായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഉണ്ടായിരുന്നു. ഇപ്പോൾ ബിറ്റുമിൻ മെക്കാഡം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മഞ്ചേരി - മലപ്പുറം റോഡിൽ കച്ചേരിപ്പടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കേജ് മൂലം റോഡ് തകർന്നിരുന്നു. ആയത് വാട്ടർ അതോറിറ്റി താൽക്കാലികമായി ജി.എസ്.ബി., കോൺക്രീറ്റ് എന്നിവ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മഴ മാറുന്ന മുറക്ക് പാച്ച് വർക്ക് പൂർത്തീകരിക്കുവാൻ സാധിക്കും.<br><br>നാട്ടുകാണി പരപ്പനങ്ങാടി റോഡ് ഡിഎഫ്ഐപി പദ്ധതി ആരംഭിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി നിലവിലുണ്ടായിരുന്ന ഭാഗങ്ങൾ ഒഴിവാക്കിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. പ്രസ്തുത ഭാഗങ്ങൾ ഉൾപ്പെടുത്തി 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചത് സർക്കാർ പരിഗണനയിലാണ്.<br><br>ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം- ചെറുകുന്ന്, മുള്ളിയാംകുറിശ്ശി പാണ്ടിക്കാട് റോഡ് (പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ) തുടങ്ങിയ റോഡുകൾ സാമ്പത്തിക ലഭ്യതക്കനുസരിച്ച് നവീകരണം സാധ്യമാക്കാം.<br><br>മഞ്ചേരി-ഒലിപ്പുഴ റോഡ് നവീകരണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.ആർഎഫ്.ബി-പിഎംയു വിനാണ് ചുമതല. അറ്റകുറ്റകൾക്കായി നേരത്തെ 5 ലക്ഷം രൂപ കെ.ആർഎഫ്.ബി-പിഎംയു അനുവദിച്ചിരുന്നു. എന്നാൽ പാച്ചവർക്കിന്റെ ഡി.എൽ.പി 09/07/2022 വരെ നിലനിർക്കുന്നതിനാൽ ആ വർക്ക് നടത്തിയിരുന്നില്ല. കനത്തമഴക്ക് ശേഷം റോഡിലെ നിലവിലെ അവസ്ഥ കൂടി പരിഗണിച്ച് 23 ലക്ഷം രൂപ അറ്റകുറ്റപണിക്ക് വീണ്ടും അനുവദിച്ചിട്ടുണ്ട്. ടെണ്ടർ പൂർത്തിയാക്കി അറ്റകുറ്റപ്പണി ഉടൻ ആരംഭിക്കും |
| (സി) | ഗതാഗതം സുഗമമാക്കുന്നതിന് പ്രസ്തുത റോഡുകളിൽ ബി.എം.ബി.സി ചെയ്യുന്നതിനുള്ള നടപടികൾ | (സി) | മഞ്ചേരി ഒലിപ്പുഴ റോഡ് ബി.എം & ബി.സി നിലവാരത്തിൽ നവീകരിക്കുന്നതിന് 20/08/2016-ൽ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വിശദമാക്കാമോ? | | 10 കോടി രൂപയുടെ ഭരണാനുമതിയും, 14/03/2018 ൽ 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തിക്കു സാങ്കേതികാനുമതി നൽകുന്നതിനായി 17.06.2019-ന് കൂടിയ ചീഫ് എൻജിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നുവെങ്കിലും സ്ഥല ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്താൻ ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചു. തുടർന്ന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചു. 19/01/2021 ലെ ഉത്തരവു പ്രകാരം 0.637 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട് തുടർന്ന് 6(1) വിജ്ഞാപനം 09.06.2022 തീയ്യതിയിൽ പുറപ്പെടുവിപ്പിച്ചു. 13.6 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായുള്ള ഡിസൈൻ റിവ്യൂ ചെയ്യുന്നതിന് കിഫ്ബി നാറ്റ്പാക് (NATPAC) നെ ചുമതലപെടുത്തിയിട്ടുണ്ട് ആയത് ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ